I.ഇ.ബി. XIIകേരള നിയമസഭ/IX-11

**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഡിസംബർ 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വിഴിഞ്ഞം തുറമുഖ നിർമ്മാണം

മി. സ്പീക്കർ: വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച് ഗവൺമെന്റ് അംഗീകരിച്ച ടെണ്ടറിനെ തുടർന്നുണ്ടായ ഹൈക്കോടതി വിധി യുടെ ഫലമായി ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പി.സി. ജോർജ്, ആര്യാടൻ മുഹമ്മദ്, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വസ്തുതകളൊന്നും മനസ്സിലാക്കാതെയുള്ള ഒരു നോട്ടീസാണ് ഇവിടെ നൽകിയിട്ടുള്ളത്.

കേരളത്തിലെ ഏറ്റവുംവലിയ വികസന പദ്ധതിയായ വിഴിഞ്ഞം പദ്ധതി അനാവശ്യമായ വിവാദങ്ങൾമൂലം നഷ്ടപ്പെടാനിടയാകരുത്. കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം പദ്ധതി. ബി.ഒ.ടി. അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചത് 2005-ലാണ്. അന്ന് മൂന്ന് കമ്പനികൾ ചേർന്നുള്ള ഒരു കൺസോർഷ്യത്തെയാണ് യോഗ്യരായി കണ്ടെത്തിയത്. നിർഭാഗ്യവശാൽ ഒരു വർഷം കഴിഞ്ഞിട്ടും കേന്ദ്ര ഗവൺമെന്റിന്റെ സെക്യൂരിറ്റി ക്ലിയറൻസ് കിട്ടിയിരുന്നില്ല. ടെണ്ടറിൽ തള്ളപ്പെട്ടുപോയവരാരും അന്ന് കേസിന് പോയില്ല. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ബിഡ് ഇവാല്യുവേഷൻ കമ്മിറ്റിയാണ് ഈ നടപടികളെല്ലാം കൈക്കൊള്ളുന്നത്. അതിന് സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. സർക്കാർ വിഴിഞ്ഞം പദ്ധതിക്കു വേണ്ടി മാത്രം 2007 ഏപ്രിലിൽ ഒരു ആഗോള സംഗമം നടത്തിയപ്പോൾ 43 വിദേശകമ്പനി കളടക്കം പങ്കെടുക്കുകയും വളരെ അനുകൂലമായ പ്രതികരണങ്ങൾ ലഭിക്കു കയുമുണ്ടായി. തുറന്നമനസ്സോടെ എല്ലാ പ്രസ്ഥാനങ്ങളേയും യോജിപ്പിച്ചുകൊണ്ട് കൂടിയാലോചനകൾ നടത്തിയാണ് ഓരോ തീരുമാനവും കൈക്കൊണ്ട് ടെണ്ടർ നടപടിയിലേയ്ക്ക് പോയത്. വിദേശ കമ്പനികൾ ഉൾപ്പെടെ 5 കൺസോർഷ്യങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. അപ്പോളോ കമ്പനി ഉൾപ്പെട്ട കൺസോർഷ്യം മുഴുവൻ രേഖകളും സമർപ്പിക്കാത്തതിനാൽ അവരെ നോൺ റെസ്പോൺസീവായി തീരുമാനിച്ചു. സൂം ഡെവലപ്പേഴ്സ് എന്ന കൺസോർഷ്യം അവരുടെ ബിഡ്ഡിനോടൊപ്പം 4-10-2007-ലെ കൺസോർഷ്യം എഗ്രിമെന്റിനു പകരമായി 11-3-2008-ലെ പുതിയ കൺസോർഷ്യം എഗ്രിമെന്റ് ഹാജരാക്കി. ഈ കമ്പനിയുടെ രണ്ടാമത്തെ കൺസോർഷ്യം എഗ്രിമെന്റ്, ആർ.എഫ്.പി.-യിലെ

വ്യവസ്ഥകളനുസരിച്ച് ബിഡ്ഡിനോടൊപ്പം സമർപ്പിച്ച കരാറായി കണക്കാക്കാൻ കഴിയില്ലെന്നും പുതിയ കരാർ സമർപ്പിച്ചതോടെ ബിഡ്ഡിനോടൊപ്പം സമർപ്പിച്ച കരാർ ഇല്ലാതായതായും കണ്ടു. മാത്രമല്ല പുതിയ കരാറിൽ വിദേശ പങ്കാളിയായ പീൽ പോർട്ട്സ് എന്ന കമ്പനിയെ മാറ്റി പുതിയ ഒരു കൺസോർഷ്യത്തെ പാർട്ട്ണറായി ഉൾപ്പെടുത്തുകയും ചെയ്തു. ശരിയായ കൺസോർഷ്യം സമർപ്പിച്ച ലാൻകോ, വീഡിയോകോൺ, നാഗാർജ്ജുന എന്നിവരുടെ ടെക്നിക്കൽ ബിഡ്ഡും, ഫിനാൻഷ്യൽ ബിഡ്ഡും പരിശോധിച്ച് അനുകൂലമായ ബിഡ് അംഗീകരിച്ചു. ഇത് വളരെ വസ്തുതാപരമായി കൈക്കൊണ്ട നടപടിയാണ്. പിന്തള്ളപ്പെട്ട സൂം ഡെവലപ്പേഴ്സ് ടെണ്ടർ നടപടികളിൽ പങ്കെടുത്ത ഒരു സന്ദർഭത്തിലും യാതൊരുവിധ സംശയങ്ങളും പ്രകടിപ്പിച്ചിരുന്നില്ല. എന്നിട്ടാണ് ഹൈക്കോടതിയിൽ കേസിന് പോയത്. കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് വസ്തുതകളെല്ലാം പിരശോധിച്ച് സർക്കാരിന്റെ നടപടികൾ പൂർണ്ണമായും ശരിവയ്ക്കുകയാണുണ്ടായത്. വീണ്ടും ഡിവിഷൻ ബഞ്ചിലേയ്ക്ക് അപ്പീലിന് പോയതിന്റെ അടിസ്ഥാനത്തിൽ പുതിയ ചിലകാര്യങ്ങൾ കൂടി പരിശോധിച്ചുകൊണ്ടുള്ള ഒരു വിധി ഉണ്ടായിട്ടുണ്ട്. ആ വിധി സർക്കാരും അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ളവരും പരിശോധിച്ചു. അവർക്കുതന്നെ ബോധ്യപ്പെടാത്ത ഒരുപാട് കാര്യങ്ങൾ ഉള്ളതുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ തള്ളുകയാണുണ്ടായത്. ഇനി സുപ്രീം കോടതിയിൽ അപ്പീലിന് പോകുകയാണ് കരണീയമായിട്ടുള്ള മാർഗ്ഗമെന്ന് സർക്കാർ കണ്ടെത്തുകയും ആ രൂപത്തിൽ നിയമപരമായിട്ടുള്ള ഒരു പ്രശ്നമായി ഇത് നിലനിൽക്കുകയുമാണ്. വസ്തുതാപരമായി പരിശോധിച്ച് കൂട്ടായി കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നത്തെ വിവാദങ്ങളിലേയ്ക്ക്

കൊണ്ടുപോകുന്നത് ഉചിതമല്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി.സി. ജോർജ്: ബിഡ് ഇവാല്യൂവേഷൻ കമ്മിറ്റിയുടെ തീരുമാനം റദ്ദ് ചെയ്തുകൊണ്ട് സൂം ഡെവലപ്പേഴ്സ് എന്ന കൺസോർഷ്യത്തിന്റെ ടെക്നിക്കൽ ബിഡ്ഡും ഫൈനാൻഷ്യൽ ബിഡ്ഡും ഉൾപ്പെടെ പരിശോധിക്കണമെന്നത് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ വിധിയാണ്. കേരളത്തിലെ ജനങ്ങൾക്ക് കിട്ടേണ്ട പണം നഷ്ടപ്പെടുത്താൻ ഈ സർക്കാർ ശ്രമിക്കുകയാണ്. 2005-ൽ സൂം ഡെവലപ്പേഴ്സും രണ്ട് ചൈനീസ് കമ്പനികളും ചേർന്നുള്ള കൺസോർഷ്യമാണ് ടെൻഡർ കൊടുത്തത്. അത് കേന്ദ്ര സെക്യൂരിറ്റി ക്ലിയറൻസ് ലഭിക്കാത്തതിനാൽ മാറ്റിവച്ചു. അതിനുശേഷം 2007-ലാണ് റീ-ടെണ്ടർ നടപടിയാരംഭിച്ചത്. 31-1-2008 ബിഡ്ഡിന്റെ ലാസ്റ്റ് ഡേറ്റായി ഫിക്സ് ചെയ്തു. ഓപ്പണിംഗ് കമ്മിറ്റി, ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി എന്നീ രണ്ട് കമ്മിറ്റികളെ ഇതിനായി ചുമതലപ്പെടുത്തി. ചീഫ് സെക്രട്ടറി ബിഡ് ഇവാല്യൂവേഷൻ കമ്മിറ്റി വിളിച്ചുചേർത്തിട്ട് ലാ സെക്രട്ടറിയോട് ടെലിഫോണിലൂടെ നിയമോപദേശം തേടിയത് തെറ്റാണെന്നാണ് കേരള ഹൈക്കോടതിയുടെ വിധിയിൽ പറഞ്ഞിരിക്കുന്നത്. 30 കൊല്ലം കൊണ്ട് വർക്ക് തീർത്ത് പോർട്ട് സർക്കാരിന് കൈമാറണമെന്നാണ് എഗ്രിമെന്റ്. കമ്മിറ്റി കൊടുത്ത ബിഡ് അനുസരിച്ച് 115 കോടി രൂപയാണ് ലാൻകോ ക്വാട്ട് ചെയ്തത്. സൂം ഡവലപ്പേഴ്സിനെ നിയമപരമായി തടഞ്ഞ ലാ സെക്രട്ടറിയുടെ നടപടി ശരിയല്ലെന്നും അതുകൊണ്ട് സൂം ഡെവലപ്പേഴ്സിന്റെ ബിഡ് കൂടി പരിശോധിച്ച് തീരുമാനമെടുക്കണമെന്നുമാണ് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയിൽ പറഞ്ഞിരിക്കുന്നത്. സൂം ഡെവലപ്പേഴ്സ് 447 കോടി രൂപയാണ് ക്വോട്ട് ചെയ്തിരിക്കു

ന്നത്. 332 കോടി രൂപ കൂടുതൽ കൊടുക്കാമെന്നു പറഞ്ഞ സൂം ഡെവല പ്പ്മേഴ്സിനെ മാറ്റിനിർത്തിയിട്ട് ലാൻകോ കമ്പനിക്ക് ടെണ്ടർ കൊടുക്കാൻ തീരുമാനമായത് തെറ്റാണെന്നുപറഞ്ഞ് വീണ്ടും ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയുണ്ടായി. 15 ദിവസത്തിനകം ബിഡ് മുഴുവൻ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കൊടുക്കണമെന്ന ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ കേസിന് പോകേണ്ട സാഹചര്യം വ്യക്തമാക്കണം. വിഴിഞ്ഞം പദ്ധതിക്ക് ആവശ്യമായി വരുന്ന സ്ഥലം 50 ഏക്കർ ആണെന്നി രിക്കെ 1088 ഹെക്ടർ സ്ഥലം നോട്ടിഫൈ ചെയ്തത് എന്താവശ്യത്തിനാണെന്ന് വ്യക്തമാക്കണം. വിഴിഞ്ഞം പദ്ധതിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ അഴിമതിയും ക്രമക്കേടും നടന്നിട്ടുണ്ടെന്നുള്ള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിയുടെ അടിസ്ഥാനത്തിൽ സമയബ ന്ധിതമായി ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരി ക്കണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> വിഴിഞ്ഞം പദ്ധതിയെ വികൃതമാക്കുന്ന തരത്തിലുള്ള ആരോപണമാണ് ഇവിടെ ഉന്നയിച്ചത്. ടെണ്ടർ സ്ക്രൂട്ടിണിയിൽത്തന്നെ ഡിസ്ക്വാളിഫൈ ചെയ്യപ്പെട്ട കമ്പനിയുടെ ടെണ്ടർ ഡോക്യുമെന്റ്സ് സർക്കാർ തുറന്നിട്ടില്ല. ടെക്നിക്കൽ ബിഡ് ക്വാളിഫൈ ചെയ്താൽ മാത്രമേ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യാൻ സാധിക്കുക യുള്ളൂ. ടെക്നിക്കൽ ബിഡ്പോലും ഓപ്പൺ ചെയ്യാത്ത ഒരു സീൽഡ് ടെണ്ടർ സർക്കാരോ ഹൈക്കോടതിയോ ഓപ്പൺ ചെയ്തിട്ടില്ല. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും ഓപ്പൺ ചെയ്യാതെ അതിലുള്ള കാര്യങ്ങൾ പരസ്യപ്പെടുത്താൻ സർക്കാരിന് സാധിക്കുകയില്ല. സൂം ഡെവല

പ്പേഴ്സ് കൺസോർഷ്യം എന്ന കമ്പനി അവരുടെ വിദേശ പങ്കാളിയെ മാറ്റി മറ്റൊരു വിദേശ പങ്കാളിയെ ചേർത്തുകൊണ്ട് പുതിയ എഗ്രിമെന്റ് സമർപ്പിച്ചതിനെത്തുടർന്നുള്ള കാര്യങ്ങൾ കോടതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>ഉപഭോഗ സംസ്ക്കാരത്തിന് നിയന്ത്രണം</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u>: ആഗോള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഉപഭോഗ സംസ്ക്കാരം ഭാവിയിൽ കേരളത്തെ വലിയ പതനത്തിലെത്തിക്കുമെന്നതിനെക്കുറിച്ച് മലയാളികൾ ബോധവാൻമാരാകേണ്ടിയിരിക്കുന്നു. മതിയായ തോതിൽ സംസ്ഥാനത്ത് അവശ്യസാധനങ്ങൾ ഉല്പാദിപ്പിക്കാത്തതിനാൽ മലയാളി ആഹാരം, വസ്ത്രം, സുഖസൗകര്യങ്ങൾ എന്നിവയ്ക്കെല്ലാം ബ്രാൻഡഡ് ആയിട്ടുള്ള സാധനങ്ങളുപയോഗിക്കുന്നതിൽ താല്പര്യം കാണിക്കുന്നു. ഉപഭോക്താവിന് വി.ഐ.പി. പട്ടം ചാർത്തുന്ന ഷോപ്പിംഗ് ഫെസ്റ്റിവലുകളുടേയും ആഡംബര ജീവിതത്തിന്റെയും പിന്നാലെയുള്ള പരക്കംപാച്ചിൽ കേരളീയരെ നാശത്തിലെത്തിക്കുമെന്നതിൽ സംശയമില്ല. കേരളത്തിന്റെ സംസ്ക്കാരവും പൈതൃകവും സാമൂഹ്യ കൂട്ടായ്മ

കളും കൺസ്യൂമറിസത്തിന്റെ വകഭേദങ്ങളാവുകയാണ്. കടൽവെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കി ഒരു സാമ്രാജ്യത്വ ശക്തിയെ എങ്ങനെ രാജ്യത്തുനിന്ന് കെട്ടുകെട്ടിക്കാമെന്നും വിദേശ വസ്ത്രങ്ങൾ ബഹിഷ്ക്കരിച്ച് ഒരു നാടിനെ എങ്ങനെ മുന്നോട്ടു നയിക്കാമെന്നും പഠിപ്പിച്ച ഗാന്ധിയൻ മൂല്യങ്ങൾ കേരളീയർ മറക്കുകയാണ്. നിയമനിർമ്മാണം കൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. ബോധവൽക്കരണവും സാമൂഹ്യ പരിഷ്ക്കരണവും ചെറുകിടവ്യവസായങ്ങൾക്ക് പ്രോത്സാഹനവും എല്ലാമുള്ള ഒരു സമഗ്ര പരിപാടിയിലൂടെ മാത്രമേ ഉപഭോഗ സംസ്ക്കാരത്തിൽ നിന്ന് മലയാളിയെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഇവിടെ പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. കേരളത്തിലെ ജനങ്ങളിലും പുതിയ തലമുറയിലും വിദേശ ഉൽപ്പന്നങ്ങളുടെ ആസക്തി കൂടിവരുന്നത് തടയാൻ ഗവൺമെന്റ് പ്രചരണോപാധികളും ബോധവൽക്കണവും നടത്താനുള്ള നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. അടുത്ത കാലത്തായി വിദേശ ഉൽപ്പന്നങ്ങളോട് ജനങ്ങൾക്ക് ആസക്തി വളരെ കൂടുതലാണ്. നമ്മുടെ നാട്ടിലെ ഉൽപ്പന്നങ്ങളോട് ജനങ്ങൾക്ക് ഒരു പുതിയ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി വിദേശ ബ്രാൻഡുകൾ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെന്നപോലെ കേരളത്തിലും എത്തിച്ചേർന്നിട്ടുണ്ട്. റീട്ടെയിൽ രംഗത്ത് നാടൻ, മറുനാടൻ, കുത്തക കമ്പനികൾ പ്രവേശിച്ചതോടെ ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. വിദേശ കുത്തക കമ്പനികളുടെ ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ അളവ്, തൂക്കം, ചേരുവകൾ, ഗുണനില

വാരം എന്നിവ കർശന പരിശോധനയ്ക്ക് വിധേയമാക്കി ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. വിപണിയിൽ വിദേശ ബ്രാൻഡുകളുടെ വരവ് നിയന്ത്രിക്കാൻ സംസ്ഥാന സർക്കാർ മാത്രം വിചാരിച്ചാൽ സാധിക്കില്ല. വിദേശനിർമ്മിത സാധനങ്ങളുടെ അമിത ഉപഭോഗം കൊണ്ടുണ്ടാകുന്ന ദോഷ വശങ്ങളെക്കുറിച്ചും അവയുടെ ഉപഭോഗം കുറയ്ക്കുന്നതിനും ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തി ഉപഭോഗസംസ്ക്കാരം മാറ്റിയെടുക്കാനും കേരളം വിദേശ ബ്രാൻഡുകളുടെ വിപണന രംഗമായി മാറുന്നത് തടയാനും സാധിക്കണം. ഉപഭോഗ സംസ്ക്കാരം ഗുരുതരമായ സാമൂഹ്യ പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുന്നു. നിയമനിർമ്മാണവും സർക്കാർ നടപടികളുംകൊണ്ടുമാത്രം ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല. സന്നദ്ധ സംഘടനകളും ജനങ്ങളും സർക്കാരും എല്ലാവരും ഒന്നുചേർന്ന് ഒരു പുതിയബോധവൽക്കരണ ശ്രമമാണ് നടത്തേണ്ടത്.

(2) <u>ഏഴിമല നാവിക അക്കാഡമിക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : 2500 ഏക്കർ വ്യാപിച്ചുകിടക്കുന്നതും 750 കോടി രൂപ നിർമ്മാണച്ചെലവ് വരുന്നതുമായ ഏഴിമല നേവൽ അക്കാഡമി ഏഷ്യയിലെ ഏറ്റവും വലിയ അക്കാഡമിയായും രാജ്യത്തിന്റെ സുരക്ഷാ സന്നാഹങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ ഒരു കേന്ദ്രവുമായി മാറുകയാണ്. 1985-ൽ പ്രധാനമന്ത്രി തറക്കല്ലിട്ട അക്കാഡമി 2009 ജനുവരിമാസം രാഷ്ട്രത്തിന് സമർപ്പിക്കണമെങ്കിൽ അതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കണം. മറൈൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, വിദേശ വിദ്യാർത്ഥികൾക്ക് പ്രവേശന സൗകര്യങ്ങളോടുകൂടിയ ജവഹർലാൽ നെഹ്റു സർവ്വകലാശാലയുടെ ഒരു സെന്റർ എന്നിവ വരുന്നതോടുകൂടി അവിടേയ്ക്കുള്ള യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ഭൂമി ഏറ്റെടുക്കു

മ്പോൾ പറഞ്ഞ പ്രവർത്തനങ്ങളൊന്നും യാഥാർത്ഥ്യമായിട്ടില്ല. ഏഴിമല നേവൽ അക്കാഡമി, പെരിങ്ങോം സി.ആർ.പി.എഫ്. സെന്റർ, പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ആയുർവേദ മെഡിക്കൽ കോളേജ്, നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളം, പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ, ഏഴിമല റെയിൽവേ സ്റ്റേഷൻ എന്നിവയുടെ വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അക്കാഡമിയിലേയ്ക്കുള്ള റോഡുകൾക്ക് ദേശീയ-സംസ്ഥാന പാതകളുടെ നിലവാരമില്ല. അക്കാഡമിയിലേയ്ക്ക് നേരിട്ട് പ്രവേശിക്കുന്ന പഴയങ്ങാടി-വെങ്ങര-മുട്ടം റോഡ് വീതി കൂട്ടണം. ഇതുമായി ബന്ധപ്പെട്ട ഗ്രാമീണ റോഡുകൾ സഞ്ചാരയോഗ്യമാക്കണം. പാപ്പിനിശ്ശേരി-പഴയങ്ങാടി റെയിൽവേ പാലത്തിന്റേയും ബന്ധപ്പെട്ട മറ്റു പദ്ധതികളുടേയും പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഏഴിമല നാവിക അക്കാഡമിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പുതലവന്മാരുടേയും നാവിക അക്കാഡമി ഉദ്യോഗസ്ഥരുടേയും കോ-ഓർഡിനേഷൻ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് നടപടി സ്വീകരിക്കുന്നുണ്ട്. 2009 ജനുവരിയിൽ ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്ന അക്കാഡമിയുടെ പ്രവർത്തനത്തിന് സർക്കാർ എല്ലാ വിധ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. അക്കാഡമി സ്ഥാപിക്കുന്നതിന് 2359 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകുകയും ടെലഫോൺ/മൊബൈൽ ഫോൺ, ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 15 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നുണ്ട്. പയ്യന്നൂർ പാലം നിർമ്മിക്കാൻ വേണ്ടസ്ഥലം ഏറ്റെടുത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ്

കോർപ്പറേഷനെ ഏർപ്പിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി, പഴയങ്ങാടി റെയിൽ പാലങ്ങളുടെ നിർമ്മണണം കെ.എസ്.ടി.പി വഴി നടപ്പാക്കുന്നതിന് ആവശ്യ മായ സ്ഥലം ഏറ്റെടുത്തു നൽകുകയും അക്കാഡമിക്കുവേണ്ടി പ്രത്യേകമായി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. ആവശ്യമായ എല്ലാ സൗകര്യ ങ്ങളും ഒരുക്കാൻ സമയബന്ധിതമായി നടപടി സ്വികരിക്കുന്നതായിരിക്കും.

**സബ്മിഷൻ**

(1) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സ്വതന്ത്ര പദവി

ശ്രീ. വി. സുരേന്ദ്രൻ പിള്ള: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താ വളത്തെ ചെന്നൈ റീജിയന്റെ നിയന്ത്രണത്തിൽ നിന്നുമാറ്റി സ്വതന്ത്ര പദവി നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): തിരുവനന്തപുരം വിമാന ത്താവളത്തിന്റെ ഭരണപരമായ കാര്യങ്ങൾ ചെന്നൈയിലെ റീജിയണൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയന്ത്രണത്തിൽ ആക്കിയത് വിമാനത്താവള ത്തിന്റെ വികസനത്തിന് യാതൊരുവിധ തടസ്സവും സൃഷ്ടിക്കുകയില്ല എന്നാണ് എയർപോർട്ട് അതോറിറ്റിയുടെ അഭിപ്രായം. സ്വതന്ത്ര പദവി നിലനിർത്തുന്ന കാര്യം കേന്ദ്ര വ്യോമയാന മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇവിടെ നിർമ്മാണം പുരോഗമിച്ചുവരുന്ന പുതിയ ടെർമി നൽ പ്രവർത്തനസജ്ജമാക്കാൻ കൂടുതൽ എയ്റോ ബ്രിഡ്ജുകൾ പണിയ ണമെന്നുള്ള കാര്യം എയർപോർട്ട് അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരു കയും അവർ അത് പരിഗണിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(2) കൈനൂർ പന്നിവളർത്തൽ കേന്ദ്രം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കൈനൂർ പന്നിവളർത്തൽ കേന്ദ്രം നിറുത്തലാക്കുന്നതിനുവേണ്ടി നടന്ന സമരത്തെത്തുടർന്നുള്ള കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പുത്തൂർ ഗ്രാമ പഞ്ചായത്തിലെ കെ.എൽ.ഡി. ബോർഡിന്റെ പന്നിവളർത്തൽ കേന്ദ്രവുമായി ബന്ധപ്പെട്ടു നടന്ന സമരത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത മൂന്നു കേസ്സുകളും കോടതിയുടെ വിചാരണയിലിരിക്കുകയാണ്. ഈ കേസ്സുകളിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് പരിശോധിച്ച് കേസ്സുകൾ പിൻവലിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(3) ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നിഷേധിക്കണമെന്ന ആവശ്യം

ശ്രീ. കെ.കെ. ദിവാകരൻ: പാലക്കാട്ട് കണ്ണാടിപ്പുഴയുടെ സമീപത്ത് ഫ്ളാറ്റ് നിർമ്മിക്കുന്നതോടുകൂടി ആ പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിന് ഉപയോഗിക്കുന്ന ചെക്ക്ഡാം മലിനപ്പെടുമെന്നതിനാൽ ഫ്ളാറ്റിന്റെ പണി നിറുത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പാലക്കാട്ട് കണ്ണാടിപ്പുഴയുടെ സമീപത്തായി 15 നിലകളുള്ള 25,000 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമുമ്പ് പി.സി.ബി.യിൽനിന്നും എൻ.ഒ.സി. ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഫ്ളാറ്റ് വരുന്നതോടു കൂടി കണ്ണാടിപ്പുഴ പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്ന

ചെക്ക് ഡാമിലെ ജലം മലിനമാകുമെന്ന കാര്യം പരിഗണിച്ച് ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് നൽകിയ അനുമതി പുന:പരിശോധിക്കാൻ വേണ്ട നിർദ്ദേശം നൽകുന്നതായിരിക്കും.

(4) പാലിന്റെ ഗുണനിലവാര പരിശോധന

ശ്രീ. സി.എം. ദിനേശ്മണി: പാലിൽ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): പാലിൽ അപകടകരമായ മായം ചേർക്കുന്നു എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഭക്ഷ്യ വസ്തു വിലെ മായംചേർക്കൽ നിരോധന നിയമപ്രകാരവും അവശ്യ സാധന നിയന്ത്രണ നിയമത്തിന്റെ കീഴിൽ വരുന്ന മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ പ്രകാരവും ക്ഷീര വികസന വകുപ്പാണ് പാലിന്റെ ഗുണനിലവാര പരിശോധന നടത്തേണ്ടത്. ക്ഷീര വികസന വകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടറുടെ ഗ്രേഡിലുള്ള ക്വാളിറ്റി കൺട്രോൾ ആഫീസേഴ്സിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലാ ലബോറട്ടറികളിലും പാലിന്റെ ഗുണ നിലവാരം പരിശോധിച്ചുവരുന്നുണ്ട്. കൂടാതെ പാലക്കാട് ആലത്തൂരിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച ഒരു ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. കമ്പോളങ്ങളിൽ വിവിധ പേരുകളിൽ വിൽപ്പന നടത്തുന്ന പാലിന്റെ സാമ്പിളുകൾ പരിശോധിച്ചുവരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പരിശോധനയ്ക്കുപുറമേ പ്രധാനപ്പെട്ട നാല് ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന താൽക്കാലിക ലാബ് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ രണ്ടുകോടി രൂപ ചെലവിൽ ഒരു സ്റ്റേറ്റ് ഡയറി ലാബ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടിയും പൂർത്തിയായി വരുന്നു.

(5) റേഷൻ വ്യാപാരികളുടെ കമ്മീഷൻ

പ്രൊഫ. കെ.വി. തോമസ്: റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് ഭരണപരമായ ചെറിയ കാലതാമസം മാത്രമേയുള്ളൂ. ശബരി സ്റ്റോറുകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചില സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനത്തെ ഗവൺമെന്റ് ഇടപെട്ട് റദ്ദാക്കിയിട്ടുണ്ട്. റേഷൻ വ്യാപരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ അംശദായം 50 രൂപയിൽനിന്നും 100 രൂപയായും പെൻഷൻതുക 500 രൂപയിൽനിന്നും 1000 രൂപയായും വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു.

(6) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യർത്ഥിനികളുടെ മരണം

(ഈ വിഷയത്തെ സംബന്ധിച്ച് ശ്രീ. കെ.കെ. ഷാജുവും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കെ.സി. വേണുഗോപാൽ: അമ്പലപ്പുഴ മോഡൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ മൂന്ന് വിദ്യാർത്ഥിനികൾ സ്കൂൾ വരാന്തയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചുകിടന്ന സംഭവവുമായി ബന്ധപ്പെട്ട കേസ് സത്യസന്ധരായ ഉദ്യോഗസ്ഥരെ നിയോഗിച്ച് അന്വേഷിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സംഭവം റിപ്പോർട്ട് ചെയ്ത പത്രപ്രതിനിധിയെ മർദ്ദിച്ചവർക്കെതിരെയും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അമ്പലപ്പുഴ മോഡൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ രണ്ടാം വർഷ വിദ്യാർത്ഥിനിയായ അനിലാ ബാബുവിന്റെ പിതാവ് ശ്രീ. അനിൽകുമാർ നവംബർ 17-ന് അമ്പലപ്പുഴ സർക്കിൾ ഇൻസ്പെക്ടർക്ക് തന്റെ മകളും മറ്റ് രണ്ടു വിദ്യാർത്ഥിനികളും സ്കൂളിൽനിന്ന് വീട്ടിൽ തിരിച്ചെത്തിയിട്ടില്ല എന്ന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ വിദ്യാർത്ഥിനികളായ അനിലാബാബു, വേണി ഗോപാൽ ജൂലി വർഗ്ഗീസ് എന്നിവരെ നവംബർ 17-ാം തീയതി രാത്രി 9-30-ന് ക്ലാസ് മുറിയിൽ മരിച്ച നിലയിൽ കാണപ്പെട്ടു. ഈ സംഭവത്തിൽ അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ആലപ്പുഴ ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരികയാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള എറണാകുളം റേഞ്ച് ഐ.ജി.യുടെ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഏത് ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും സർക്കാരിന് തടസ്സമില്ല. പത്രപ്രതിനിധിയെ മർദ്ദിച്ച സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസ്സിലെ ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അദ്ദേഹത്തെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും നിയമനടപടികൾക്ക് വിധേയരാക്കുകയും ചെയ്തിട്ടുണ്ട്..

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പത്ര പ്രതിനിധിയെ ക്രൂരമായി മർദ്ദിച്ച സംഭവത്തിലുൾപ്പെടെയുള്ള പ്രതികളെ കണ്ടുപിടിക്കുകയും നടപടികൾ സ്വീകരിക്കുകയും വേണം. സ്കൂളുകളിലും

കോളേജുകളിലും മൊബൈൽ ഫോണിന്റെ ഉപയോഗം പൂർണ്ണമായി നിരോധിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കോടി.യേരി ബാലകൃഷ്ണൻ: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): മൊബൈൽ ഫോൺ സ്കൂളുകളിൽ ഉപയോഗിക്കാൻ പാടില്ല എന്നുള്ള ഉത്തരവ് വിദ്യാഭ്യാസ വകുപ്പ് പുറുപ്പെടുവിച്ചിട്ടുണ്ട്. മൊബൈൽ ഫോണിന്റെ ഉപയോഗം തടയുന്നതിന് ആഭ്യന്തര വകുപ്പുമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) പട്ടണക്കാട് മിൽക്ക് പ്രോഡക്ട് ഫെസിലിറ്റേറ്റീവ് സെന്റർ

ശ്രീ. എ.എം. ആരിഫ്: ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച പട്ടണക്കാട് മിൽക്ക് പ്രോഡക്ട് ഫെസിലിറ്റേറ്റീവ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): സജ്ജമാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു പദ്ധതി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഫെസിലിറ്റേറ്റീവ് സെന്റർ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതായിരിക്കും.

(8) എൻ.എച്ച് 47-ന്റെ പുനരുദ്ധാരണം

പ്രൊഫ. സി. . രവീന്ദ്രനാഥ്: തൃശ്ശൂർ ജില്ലയിലെ എൻ.എച്ച് 47-ന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമായ നിയമനങ്ങൾ നടത്തിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഗ്രീൻ ചാനൽ

സംവിധാനം ഏർപ്പെടുത്തിയും എത്രയുംവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം..

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): നാഷണൽ ഹൈവേ അതോറിറ്റിയുടെ കീഴിൽ നടന്നുവരുന്ന ദേശീയ പാത 47-ന്റെ വികസനപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി തൃശ്ശൂർ എം.പി, ബന്ധപ്പെട്ട എം.എൽ.എ.മാർ, നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2008 ഡിസംബർ 8-ന് തൃശ്ശൂരിൽ കൂടുകയുണ്ടായി. എല്ലാ മാസവും കളക്ടറുടെ നേതൃത്വത്തിൽ റിവ്യു മീറ്റിംഗ് നടത്തി കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം നിരന്തരമായ മോണിട്ടറിംഗ് നടത്താൻ കഴിയുന്ന വിധത്തിൽ ഗ്രീൻചാനൽ സംവിധാനം ഏർപ്പെടുത്തുന്നതിന് എത്രയും പെട്ടെന്ന് തീരുമാനം എടുക്കുന്നതാണ്.

(9) കോതമംഗലം-കാക്കനാട് റോഡ് നിർമ്മാണം

ശ്രീ. ടി.യു കുരുവിള: ദേശീയ പാതകളുമായി ബന്ധിപ്പിക്കുന്നതും ശബരിമല തീർത്ഥാടകർക്കും മൂന്നാർ, തേക്കടി, ഭൂതത്താൻകെട്ട്, എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് പോകുന്നവർക്കും സൗകര്യപ്രദമായതുമായ കോതമംഗലം കാക്കനാട് റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കേരളത്തിലെ വിവിധ ടൂറിസ്റ്റ് മേഖലകളെ ബന്ധിപ്പിക്കുന്ന ഈ പാതയുടെ സ്ഥലമെടുപ്പിന് 40 കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 54 കോടി രൂപയും ആവശ്യമാണ്. ഈ റോഡ് ദേശീയ പാതയായി അംഗീകരിക്കണമെന്നുള്ള നിർദ്ദേശം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനീയർ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരം ഈ റോഡിന്റെ സ്ഥലമെടുപ്പിനുവേണ്ടി 1.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലമെടുപ്പിന് 125 ലക്ഷം രൂപ കൂടി ശുപാർശ ചെയ്തിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥലമെടുപ്പു നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(10) ശബരിമല ഉത്സവം അട്ടിമറിക്കാൻ ശ്രമം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ശബരിമല ഉത്സവം അട്ടിമറിക്കാൻ ദേവസ്വം ബോർഡ് ശ്രമിക്കുന്നതായി കമ്മീഷണർ ദേവസ്വം വകുപ്പുമന്ത്രിക്കും ഓംബുഡ്സ്മാനും കത്തുനൽകിയ പ്രശ്നത്തിനും ശബരിമല തീർത്ഥാടന ക്രമീകരണങ്ങളിലെ പോരായ്മയ്ക്കും അപ്പം, അരവണ എന്നിവയുടെ ക്ഷാമത്തിനും പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ശബരിമല തീർത്ഥാടനം അട്ടിമറിക്കാൻ ദേവസ്വം ബോർഡ് ശ്രമിക്കുന്നതായി കമ്മീഷണർ സർക്കാരിനോ ഓംബുഡ്സ്മാനോ കത്ത് നൽകിയിട്ടില്ല. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ക്രിയാത്മകമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ശബരിമലയിൽ അപ്പത്തിനും അരവണയ്ക്കും ക്ഷാമമില്ലെന്നു മാത്രമല്ല

10-12-2008 വരെ 41,33,00,000 രൂപയ്ക്ക് വിൽക്കാനും കഴിഞ്ഞിട്ടുണ്ട്. അവിടെ സാധനങ്ങൾ എത്തിക്കുന്നതിലും ഏലയ്ക്കയുടെ ക്വാളിറ്റി സംബന്ധിച്ചുമൊക്കെയുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ട്. അവിടെ യാതൊരു അഴിമതിയും ഇല്ല.

(11) മലയാലപ്പുഴ ദേവിക്ഷേത്രവും മുരിങ്ങമംഗലം ക്ഷേത്രവും ശബരിമല മാസ്റ്റർ പ്ളാനിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. അടൂർ പ്രകാശ്: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഇടത്താവള കേന്ദ്രമായി അംഗീകരിച്ചിട്ടുള്ള മലയാലപ്പുഴ ദേവി ക്ഷേത്രത്തിന്റെയും മുരിങ്ങമംഗലം മഹാദേവ ക്ഷേത്രത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അവ ശബരിമല മാസ്റ്റർപ്ളാനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ശബരിമലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 50 വർഷക്കാലയളവിലേയ്ക്കുള്ള വികസന പദ്ധതികളാണ് മാസ്റ്റർപ്ളാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മലയാലപ്പുഴ ദേവിക്ഷേത്രം, മുരിങ്ങമംഗലം മഹാദേവ ക്ഷേത്രം എന്നിവയെ ശബരിമല മാസ്റ്റർ പ്ളാനിലെ റീജിയണൽ മോഡിൽ ഇടത്താവളമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(12) സാമ്പത്തികമാന്ദ്യം പരിഹരിക്കാൻ നടപടി

ശ്രീ. കെ. സി. ജോസഫ്: ആഗോള സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി കേന്ദ്ര ഗവൺമെന്റ് പെട്രോളിയത്തിന്റേയും മറ്റും വില കുറച്ച സാഹചര്യത്തിൽ കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിലെ ജനങ്ങൾക്ക്

നിത്യോപയോഗസാധനങ്ങൾ വില കുറച്ചുകൊടുക്കാൻ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറിയും മറ്റ് അവശ്യസാധനങ്ങളും മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനുള്ള ലോറി ചാർജ്ജ്, ബസ്സ് ചാർജ്ജ് എന്നിവ കുറയ്ക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തെ ഗൗരവമായി ബാധിക്കുമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനെ നേരിടാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. കേന്ദ്രത്തെപ്പോലെ സ്വതന്ത്രമായി വായ്പയെടുക്കാനുള്ള അവകാശം സംസ്ഥാന ഗവൺമെന്റിനില്ല. സംസ്ഥാന ഗവൺമെന്റിന്റെ വായ്പാ പരിധി ഉയർത്തുകയാണെങ്കിൽ ഈ അവസ്ഥയ്ക്കെതിരെ ഫലപ്രദമായി ഇടപെടാൻ കഴിയും. പെട്രോളിന് കേന്ദ്ര സർക്കാർ ഇപ്പോൾ വരുത്തിയിരിക്കുന്ന വിലക്കുറവ് അപര്യാപ്തമാണ്. കേന്ദ്രം ഇറക്കിയിരിക്കുന്ന ലിസ്റ്റിൽ കശുവണ്ടി, കയർ എന്നിവയെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിനുവേണ്ട ക്ലാരിഫിക്കേഷൻ വാങ്ങുന്നതിന് സർക്കാർ മുൻകൈയെടുക്കുന്നതാണ്. പെട്രോൾ വിലയിലെ കുറവ് സംസ്ഥാന ഗവൺമെന്റിന് നഷ്ടം വരുത്താത്ത രീതിയിൽ കെ.എസ്.ആർ.ടി.സി.യുടെ നിരക്ക് കുറയ്ക്കുന്നതിന് പര്യാപ്തമല്ലെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. കേന്ദ്രം അനുവദിച്ചിട്ടുള്ള പാക്കേജിൽനിന്ന് കേരളത്തിന് കൂടുതൽ ആനുകൂല്യം കിട്ടുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യാം. ഇന്ത്യാ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ നിക്ഷേപത്തിൽ കേരളത്തിന് അർഹമായ വിഹിതം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(13) വൈദ്യുതി ചാർജ്ജ് വർദ്ധനയും തെർമൽ സർചാർജ്ജ് വർദ്ധനയും പിൻവലിക്കൽ

ശ്രീ. കെ. ബാബു : നാഫ്തയുടെ അന്താരാഷ്ട്ര വില കുറഞ്ഞതിനാൽ നാഫ്ത ഉപയോഗിച്ച് പ്രവർത്തിക്കുന്ന കായംകുളം താപ വൈദ്യുത നിലയത്തിൽനിന്ന് സംസ്ഥാനം വാങ്ങുന്ന വൈദ്യുതിയുടെ വില യൂണിറ്റിന് 3.41 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധനയും തെർമൽ സർചാർജ്ജ് വർദ്ധനയും പിൻവലിച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കാലവർഷത്തിന്റെ കുറവുകൊണ്ടും കേന്ദ്രപൂളിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി വിഹിതം വെട്ടിക്കുറച്ചതുകൊണ്ടുമാണ് വൈദ്യുതി നിയന്ത്രണവും തെർമൽ സർച്ചാർജ്ജും ഏർപ്പെടുത്തേണ്ടി വന്നത്. എന്നിട്ടും 2008 നവംബർ മാസം വരെ 490 കോടി രൂപയുടെ നഷ്ടം കെ.എസ്.ഇ.ബി.ക്ക് ഉണ്ടായിട്ടുണ്ട്. 2850 മില്യൺ യൂണിറ്റ് വൈദ്യുതികൂടി അധിക വിലയ്ക്ക് വാങ്ങിയാൽ മാത്രമേ ഇന്നത്തെ നിലയിൽ വൈദ്യുതി വിതരണം സാധ്യമാകുകയുള്ളൂ. നാഫ്തയുടെ വില കുറഞ്ഞിട്ടുണ്ടെങ്കിലും 2009 മേയ് മാസം ആകുമ്പോൾ 1140 കോടി രൂപയുടെ അധിക ബാദ്ധ്യത കെ.എസ്.ഇബി.ക്ക് വഹിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ 200 യൂണിറ്റിനുമുകളിലുള്ള വൈദ്യുതി ചാർജ്ജ് വർദ്ധനവും തെർമൽ സർചാർജ്ജും പിൻവലിക്കാൻ ബുദ്ധിമുട്ടുണ്ട്.

(14) താൽക്കാലിക നിയമനം ലഭിച്ച അദ്ധ്യാപകർക്ക് വേതനം ലഭ്യമാക്കൽ

ശ്രീ. കെ. സി. കുഞ്ഞിരാമൻ: വയനാട് ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ താൽക്കാലിക നിയമനം ലഭിച്ച അദ്ധ്യാപകർക്ക് വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താൽക്കാലിക നിയമനം ലഭിച്ച അദ്ധ്യാപകർക്ക് വേതനം ലഭ്യമാക്കുന്നതിന് പ്രിൻസിപ്പാളിന്റെ പേരിൽ ട്രഷറി ആതറൈസേഷനും അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരവും ആവശ്യമുണ്ട്. അതിനാവശ്യമായ സാങ്കേതിക നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

(15) അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. വി.എസ്. സുനിൽകുമാർ: അംഗീകൃത അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പു വരുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടും പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച നടത്തിയതിനുശേഷം ഉരുത്തിരിയുന്ന അഭിപ്രായങ്ങളും സമന്വയിപ്പിച്ച് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(16) വെഞ്ഞാറമൂട്ടിൽ ഫെയർസ്റ്റേജ് അനുവദിക്കൽ

ശ്രീമതി ജെ. അരുന്ധതി: കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് വെഞ്ഞാറമൂട്ടിൽ ഫെയർസ്റ്റേജ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി തോമസ്): 2005-ലേയും 2008-ലേയും കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഇറക്കിയ ഉത്തരവിൽ ഫെയർസ്റ്റേജുകൾ മാറ്റം വരുത്താതെ നിലനിർത്തണമെന്നു നിഷ്ക്കർഷിക്കുന്നതിനാലും ടിക്കറ്റിന്റെ ഘടനയിൽ മാറ്റം വരുത്തേണ്ടി വരുമെന്നതിനാലും വെഞ്ഞാറമൂട്ടിൽ ഫെയർസ്റ്റേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(17) അജ്ഞാത മൃതദേഹങ്ങൾ

ശ്രീ. എ.എം. യൂസഫ്: ആലുവയിലും പരിസരപ്രദേശങ്ങളിലും തുടർച്ചയായി കാണപ്പെട്ട അജ്ഞാത മൃതദേഹങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) ആലുവയിലേയും പരിസരപ്രദേശങ്ങളിലേയും ആറ് കേസ്സുകളിൽ മരണകാര്യത്തിൽ ദുരൂഹത ഉള്ളതായി വെളിവായിട്ടില്ല. എന്നിരുന്നാലും അജ്ഞാത മൃതദേഹങ്ങൾ കാണപ്പെട്ടത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതാണ്.

(18) ഗവൺമെന്റ് കോളേജിൽ നടന്ന അക്രമം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ഗവൺമെന്റ് കോളേജിൽ നടന്ന അക്രമത്തിലെ പ്രതികൾക്കെതിരെയും പുറത്തു നിന്നുള്ളവരെ കോളേജിൽ പ്രവേശിപ്പിക്കുന്നതിനെതിരെയും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കാസർഗോഡ് ഗവൺമെന്റ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് 17 എസ്.എഫ്.ഐ. പ്രവർത്തകരുടെ പേരിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കാസർഗോഡ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്താനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(19) ബൗദ്ധിക സ്വത്തവകാശനയം

ശ്രീ. വി.ഡി. സതീശൻ: ബൗദ്ധിക സ്വത്തവകാശനയം നടപ്പാക്കുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ആഗോളവൽക്കരണ കാലഘട്ടത്തിൽ രാജ്യത്തിന്റെ പരമ്പരാഗത വിജ്ഞാനവും നാട്ടറിവുകളും സംരക്ഷിക്കുന്നതിനുവേണ്ടി കേരളം എടുത്തിട്ടുള്ള ഒരു സുപ്രധാന നടപടിയായിട്ടാണ് ബൗദ്ധിക സ്വത്തവകാശനയം ചർച്ച ചെയ്യപ്പെടുന്നത്. റൂൾസ് ഓഫ് ബിസിനസ്സിൽ ഭേദഗതി വരുത്തി നിയമവകുപ്പിനെ ഇതിന്റെ ഭരണ വകുപ്പായി തീരുമാനിച്ചുകഴിഞ്ഞു. പ്രസ്തുത പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനും നിയമവകുപ്പുമന്ത്രി ചെയർമാനും മറ്റു മന്ത്രിമാർ അംഗങ്ങളുമായുള്ള ഒരു സൂപ്പർവൈസറി കൗൺസിലിന് രൂപം നൽകിയിട്ടുണ്ട്. ബൗദ്ധിക സ്വത്തവകാശ നയവുമായി ബന്ധപ്പെട്ട് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ കമ്മിറ്റികളേയും സൂപ്പർവൈസറി കൗൺസിലിന്റെ കീഴിൽ കൊണ്ടുവരും. എസ്.സി.ഐ.പി.യും കെ.ടി.കെ.എ.യും നിലവിൽ വരുന്നതോടുകൂടി ഇതിന്റെ പ്രവർത്തനം നല്ല നിലയിൽ ആരംഭിക്കുന്നതാണ്.

(20) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ബി.ഡി. ദേവസ്സി: കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 2008-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതിക്ക് 2,43,00,000 രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

(21) കേന്ദ്ര ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതികൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കേന്ദ്ര ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതി ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേന്ദ്ര ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതികൾ ഏകോപിപ്പിക്കാൻ വേണ്ടി ഗവൺമെന്റ് ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ച് അതിന്റെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുകയാണ്.

(22) തലസ്ഥാനനഗരിയിൽ കൂടുതൽ ട്രാഫിക് പോലീസ്

ശ്രീ. വി. ശിവൻകുട്ടി: തലസ്ഥാന നഗരിയിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി കൂടുതൽ ട്രാഫിക് പോലീസിനെ വിന്യസിപ്പിക്കുന്നതിനും അപകടത്തിൽപ്പെടുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സംഘടന രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): : തലസ്ഥാന നഗരിയിൽ വർദ്ധിച്ചു വരുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ട്രാഫിക് പോലീസിനെക്കൂടാതെ വനിതാ

പോലീസുൾപ്പെടെയുള്ള ലോക്കൽ പോലീസിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഗ്ലോബൽ പ്രോസസ്സിംഗ് സംവിധാനം കേരളത്തിൽ മൂന്നു പ്രധാന സിറ്റികളിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ട്രാഫിക് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(23) ചേലച്ചുവട്-വണ്ണപ്പുറം റോഡിന്റെ ശോചനീയാവസ്ഥ

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ചേലച്ചുവട്-വണ്ണപ്പുറം റോഡിന്റെയും കാഞ്ഞാർപുള്ളി റോഡിന്റെയും നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ഇടുക്കി ചേലച്ചുവട് -വണ്ണപ്പുറം റോഡിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് 14,49,86,031 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാഞ്ഞാർപുള്ളി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(24) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്രഗവൺമെന്റ് അനുവദിച്ച സ്കോളർഷിപ്പ് തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഇതിനകം 172 ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി തുക വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ ഈ മാസം തന്നെ പൂർത്തീകരിക്കുന്നതാണ്.

**മേശപ്പുറത്തു വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബില്ലിനേയും 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഏഴാമതും എട്ടാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണ കാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്ഥിരമായ ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ 60 വയസ്സ് തികയുകയോ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് അവർ അടച്ച അംശദായത്തുക ഗവൺമെന്റിന്റേയും കടയുടമയുടേയും കോൺടിബ്യൂഷനുൾപ്പെടെ പലിശ സഹിതം തിരിച്ചു നൽകുന്നതിനുള്ള ഭേദഗതി ഉണ്ടാകണം. ഐ.ഡി. ആക്ട് പ്രകാരം അപ്പീലുകളിന്മേൽ വളരെ വേഗം തീർപ്പു കൽപ്പിക്കുന്നതിനും ചൈൽഡ് ലേബർ അവസാനിപ്പിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ടാകണം. ഷോപ്പുകളിൽ ജോലി ചെയ്യുന്ന പെൺകുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും ജോലി സമയത്തിന് ക്ലിപ്തത വരുത്താനും നടപടി സ്വീകരിക്കണം. ഷോപ്പുകളിൽ

ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാരെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കണം. ഷോപ്പുകളിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യുന്നതിനും അവർക്ക് ജീവിക്കാൻ ആവശ്യമായ ന്യായമായ വേതനം ലഭിക്കുന്നതിനും മിനിമം വേതനം കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനും തൊഴിൽ സംരക്ഷണം നൽകുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗം കർക്കശ മാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ബാബു എം. പാലിശ്ശേരി : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികൾക്ക് ഗുണം ചെയ്യുന്ന ഭേദഗതി ബില്ലാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതി നിയമം പാസ്സാക്കുന്നതിനാവശ്യ മായ പിന്തുണ പ്രതിപക്ഷത്തിന്റെ ഭാഗത്തുന്നുമുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : തൊഴിലാളികളിൽനിന്നും അംശദായം ഇനത്തിൽ സ്വരൂപിക്കുന്ന ഫണ്ട് മുഴുവൻ തിരിച്ചുകൊടുക്കണമെന്ന് പറയുന്നത് പ്രായോഗികമല്ല. ചൈൽഡ് ലേബർ പരമാവധി കുറച്ചുകൊണ്ടുവന്ന് പരിപൂർണ്ണമായി അവസാനിപ്പി ക്കാനും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാനും കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള തൊഴിലാളി ക്ഷേമ പദ്ധതികൾ പ്രകാരം ഒരു തൊഴിലാളി ഒന്നിലധികം ക്ഷേമനിധി കളിൽനിന്നും ആനുകൂല്യം കൈപ്പറ്റാൻ പാടില്ല. ചില തൊഴിലാളികൾ

ഒന്നിലധികം ക്ഷേമനിധികളിൽനിന്നും ആനുകൂല്യം കൈപ്പറ്റുന്നത് തടയുന്നതിന് ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. തൊഴിലുടമകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും അസംഘടിത മേഖലയിലുൾപ്പെടെയുള്ള തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കത്തക്കവിധത്തിലുമുള്ള ഭേദഗതി നിയമമാണ് അവതരിപ്പിച്ചിരിക്കുന്നത്. തൊഴിലാളികളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ തൊഴിൽ സൗകര്യവും സുരക്ഷിതത്വവും യാത്രാ സൗകര്യവും മെച്ചപ്പെടുത്താനും തൊഴിൽ സമയം ക്രമീകരിക്കാനും ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ടിലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാനുമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മിനിമം വേജസ് കാലാനുസൃതമായി പരിഷ്കരിക്കണമെന്നുള്ള നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ സംഘടിതരും അസംഘടിതരുമായ മുഴുവൻ തൊഴിലാളികൾക്കും പരിരക്ഷ ലഭിക്കുന്ന ഈ നിയമം പാസ്സാക്കിത്തരണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്</u> : 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 118-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ് : 129-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 131-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ : 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ് : 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

5-ാം വകുപ്പ്

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പീഠികയിലെ 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ; എന്നതിലെ 'വീണ്ടും' എന്ന വാക്ക് ഒഴിവാക്കുക എന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(2) 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജോർജ് മെഴ്സിയർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്ത് ചുരുങ്ങിയ തോതിൽ ലഭ്യമാകുന്ന ശുദ്ധജലം ഇക്വിറ്റബിൾ

ഡിസ്ട്രിബ്യൂഷനുള്ള സംവിധാനം വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ജലമോഷണം, അനധികൃത കണക്ഷൻ, ജലത്തിന്റെ ദുരുപയോഗം, പൈപ്പ് ലൈൻ പോകുന്ന സ്ഥലത്തിന്റെ കയ്യേറ്റം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയാൻ ശിക്ഷ നിർദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതി നിയമമാണിത്. എന്നാൽ ശിക്ഷ വിധിക്കാൻ ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്ന അമിതാധികാരം ദുർവിനിയോഗം ചെയ്യപ്പെടാനിടയുണ്ട്. നിയമത്തിൽ ഒരിടത്ത് കൺസ്യൂമർ വാട്ടർ മീറ്റർ പ്രൊവൈഡ് ചെയ്യണമെന്നും മറ്റൊരിടത്ത് ഉദ്യോഗസ്ഥർക്ക് തോന്നുംവിധം എത്ര വർഷത്തേയ്ക്കു വേണമെങ്കിലും റെന്റ് ഈടാക്കാമെന്നും പറയുന്നുണ്ട്. പീനൽ പ്രൊവിഷനിൽ, അൺആതറൈസ്ഡ് യൂസിന് ഉദ്യോഗസ്ഥർ കല്പിക്കുന്ന ഫൈനും കോടതി വഴിയുള്ള ശിക്ഷയും പറയുന്നുണ്ട്. 46 ഡി (3)-ൽ ഉദ്യോഗസ്ഥർ പ്രൊവിഷണൽ ഓർഡർ പാസ്സാക്കിയാൽ അതിനെതിരെ ഒബ്ജക്ഷൻ ഫയൽ ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല. 46 ഇ അനുസരിച്ച് ഫൈനൽ ഓർഡർ ആകുമ്പോൾ അതിനെതിരെ അപ്പീൽ പോകാൻ സാധിക്കില്ല. ഇത് അനുയോജ്യമാംവിധം മാറ്റേണ്ടതാണ്. പാർട്ടികളെ ഹിയറിംഗ് നടത്തുന്നതിന് സമയപരിധി നിശ്ചയിക്കുകയും ഹിയറിംഗിന് sufficient opportunity നൽകുകയും വേണം. കേരള വാട്ടർ അതോറിറ്റിക്ക് ലഭ്യമാകുന്ന ജലം ഫലപ്രദമായ രീതിയിൽ വിതരണം ചെയ്യാൻ കഴിയണം. ഉദ്യോഗസ്ഥ-കോൺട്രാക്ടർ സംവിധാനംമൂലം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റിനെക്കാളും വളരെ കൂടുതൽ തുക കൊടുക്കേണ്ടിവരുന്ന സ്ഥിതിയെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. സി.പി. മുഹമ്മദ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഭേദഗതി കൊണ്ടുവരാനുള്ള ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. വെള്ളത്തിന്റെ ദുരുപയോഗം, അനധികൃതമായ കണക്ഷനുകൾ, ജലമോഷണം എന്നിവ തടയുന്നതിന് പഴയ ആക്ടിൽ വ്യവസ്ഥ ഉണ്ടായിരുന്നില്ല. അത് കാലോചിത മായി പരിഷ്ക്കരിക്കേണ്ടത് ആവശ്യമാണ്. ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കുടിവെള്ളം ലഭ്യമാക്കുക എന്നത് വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ശ്രമകരമായ ജോലിയാണ്. വെള്ളത്തിന്റെ ക്വാളിറ്റി കാര്യക്ഷമമായി പരിശോധിക്കുവാൻ കഴിയണം. ശുദ്ധജലം കുപ്പിയിലാക്കി വില്പന നടത്തുമ്പോൾ ഭാവിയിലുണ്ടാകാവുന്ന ആശങ്കകളെ സംബന്ധിച്ച് ഇപ്പോൾത്തന്നെ ബോധവാന്മാരാകണം. സാധാരണ ജനങ്ങൾ മാത്രമല്ല, വൻകിട കമ്പനികളും വ്യവസായ സ്ഥാപനങ്ങളും ജലമോഷണത്തിനും ദുരുപയോഗത്തിനും ഉത്തരവാദികളാകുന്നുണ്ട്. പൊട്ടിയ പൈപ്പുകൾ യഥാവിധി നന്നാക്കുന്നതിന് ഇന്ന് സംവിധാനമില്ല. ജനങ്ങളോട് പുലർത്തേണ്ട സാമൂഹ്യ പ്രതിബദ്ധത പരിപൂർണ്ണമായും പാലിക്കപ്പെടുന്ന തിന് കേരള വാട്ടർ അതോറിറ്റിയെ അഴിച്ചുപണിയേണ്ടതുണ്ട്. വെള്ളക്കരം വർദ്ധിപ്പിച്ചതിന് ഒരു അവകാശവാദവും ഉന്നയിക്കാൻ ഈ സർക്കാരിന് കഴിയില്ല. ജലമോഷണം അസ്സസ്സ് ചെയ്യാനുള്ള ഉദ്യോഗസ്ഥരുടെ അനിയ ന്ത്രിതമായ അധികാരം പലപ്പോഴും അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമാകുമെന്നതിനാൽ ആവശ്യമായ നിയന്ത്രണം ബില്ലിൽ ഏർപ്പെടു ത്തണം. അസ്സസ്സ്മെന്റ് അനുസരിച്ചുള്ള തുകയുടെ മൂന്നിലൊന്ന് ഉടൻ അടയ്ക്കണമെന്നുള്ളത് 10 ശതമാനമാക്കി കുറയ്ക്കേണ്ടതാണ്. വാട്ടർ അതോറിറ്റി ജനങ്ങൾക്ക് നൽകേണ്ട സേവനങ്ങളെക്കുറിച്ചുകൂടി ബോധവാ ന്മാരാകണം. അഴുക്കുചാലിലേയ്ക്ക് ഓവ് തുറന്നുവിടുന്നതും ജലം

സഞ്ചരിക്കുന്നതിന് തടസ്സമുണ്ടാക്കുന്ന വിധത്തിൽ രാസവസ്തുക്കൾ നിക്ഷേപിക്കുന്നതും കണ്ടുപിടിക്കുന്നതിന് സംവിധാനം ഉണ്ടാകണം. ഇത് ഒരു കുറ്റമറ്റ നിയമമാക്കി മാറ്റുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. അഞ്ച് നിലവരെയുള്ള കെട്ടിടങ്ങളെ ഫ്ളാറ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ പറ്റുന്ന തരത്തിലുള്ള ക്ലാസ് ഈ നിയമത്തിലുണ്ട്. ചെറിയ യൂണിറ്റുകൾ ചേരുന്ന അഞ്ചുനില കെട്ടിടം ആയിരം സ്ക്വയർമീറ്ററിന് താഴെയാണ് നിൽക്കുന്നതെങ്കിൽ അതിനെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കില്ല. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം വേണം. ജലവിതരണത്തിനുവേണ്ടി പൊളിക്കുന്ന റോഡുകൾ നന്നാക്കുന്ന കാര്യത്തിൽ പി.ഡബ്ല്യു.ഡി.യും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും വാട്ടർ അതോറിറ്റിയും തമ്മിൽ കോ-ഓർഡിനേഷനുണ്ടാകണം. ഇത്തരത്തിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി രണ്ട് ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട എഞ്ചിനീയർക്കെതിരായി കർശന ശിക്ഷാനപടി സ്വീകരിക്കുന്നതിനുള്ള പ്രൊവിഷൻ നിയമത്തിൽ വേണം. കേരളത്തിൽ 90 ലക്ഷം വൈദ്യുതി കണക്ഷനുകളും 70 ലക്ഷം റേഷൻ കാർഡുകളും ഉള്ള സ്ഥാനത്ത് 11 ലക്ഷം വാട്ടർ കണക്ഷനുകളേ നിലവിലുള്ളൂ. ഇത് വർദ്ധിപ്പിക്കണം. ഒരു കുടുംബത്തിന് ആവശ്യമുള്ള മിനിമം ശുദ്ധജലമെങ്കിലും എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന പിന്നോക്ക പ്രദേശങ്ങളിലും കോളനികളിലും വേനൽക്കാലത്ത് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ആലോചിക്കണം. കേരളത്തിന്റെ

സാമൂഹ്യ പ്രശ്നമായി കണ്ടുകൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇതിനുവേണ്ടി പ്രവർത്തിക്കണം. ശുദ്ധജലം മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കണം. കുപ്പിവെള്ളത്തിന്റെ ക്വാളിറ്റി പരിശോധിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തണം. വെള്ളം ഉറവിടത്തിൽത്തന്നെ മാലിന്യമുക്തമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിന്റെ സ്പിരിറ്റിനോട് എതിർപ്പില്ലെങ്കിലും ഇതിലെ പല വ്യവസ്ഥകളും സാധാരണക്കാർക്കും ഇടത്തരക്കാർക്കും എതിരായിത്തീരുമോ എന്ന ആശങ്കയുണ്ട്. ഈ ഭേദഗതിയുടെ പ്രധാനപ്പെട്ട ഉദ്ദേശം പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ സംവിധാനം ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കുക എന്നുള്ളതാണ്. പരിസ്ഥിതി വാദികളുടെ എതിർപ്പുമൂലം ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം പ്രാവർത്തികമാക്കാൻ കഴിയാത്തത് കൊച്ചിയിലെ കുടിവെള്ളക്ഷാമം രൂക്ഷമാക്കിയിരിക്കുകയാണ്. കൊച്ചിപോലുള്ള തിരക്കേറിയ നഗരങ്ങളിലെ ശുദ്ധജല ആവശ്യം നിറവേറ്റാൻ ഗവൺമെന്റ് തലത്തിൽ കുപ്പിവെള്ളം വിതരണം ചെയ്താൽപ്പോലും പര്യാപ്തമാകില്ല. നല്ല ക്വാളിറ്റിയുള്ള വെള്ളം ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. വാട്ടർ അതോറിറ്റിക്ക് ഉള്ള വെള്ളത്തിന്റെ സോഴ്സ്തന്നെ ഉപയോഗിക്കാനോ ജലവിതരണം ക്രമീകരിക്കാനോ പദ്ധതികൾ പൂർത്തീകരിക്കാനോ സാധിക്കുന്നില്ല. വാട്ടർ അതോറിറ്റി വഴി കുപ്പിവെള്ളം വിതരണം ചെയ്യുമ്പോൾ എന്തെങ്കിലും പരാതിയുണ്ടായാൽ ആരാണ് പേഴ്സണലി റെസ്പോൺസിബിൾ എന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ലാത്തതുകൊണ്ട് എം.ഡി. ശിക്ഷിക്കപ്പെടാനുള്ള

സാധ്യതയുണ്ട്. ഈ ബില്ലിന്റെ പേരിൽ സ്വീവറേജ് എന്ന വാക്ക് ഉൾപ്പെടു ത്തിയിട്ടുണ്ടെങ്കിലും അതിനെക്കുറിച്ച് ബില്ലിൽ യാതൊന്നും പറഞ്ഞിട്ടില്ല. അപാകതകൾ പരിഹരിച്ച് സമഗ്രമായ ഒരു ഭേദഗതി നിയമം ഉണ്ടാകണം.

<u>ശ്രീ. കെ.പി. മോഹനൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജലസ്രോതസ്സുകൾ മലിനമാ യിക്കൊണ്ടിരിക്കുന്നത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ സ്വാഗതാർഹമാണ്. 2010-11 ഓടുകൂടി സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം എന്ന സർക്കാരിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ എല്ലാ വരും സഹകരിക്കണം. ശുദ്ധജല വിതരണ രംഗത്ത് ഇപ്പോഴുള്ള പദ്ധതി കളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് നടത്തണം. പൊട്ടിയ പൈപ്പുകൾ വഴി മാലിന്യം കലരാതിരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം. ജലവിഭവ വികസന വിനിയോഗത്തെക്കുറിച്ച് ആധികാരികമായി ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതി നുള്ള നടപടി സ്വീകരിക്കണം. ജലസ്ത്രോതസ്സുകളിൽ മലിനജലം കടന്നു വരുന്നുവെന്ന് സമൂഹത്തിന് മുന്നറിയിപ്പ് നൽകുന്നത് ലക്ഷ്യമിട്ട് ആലപ്പുഴയിൽ നടത്തിയ ജലതരംഗം പരിപാടി വളരെ ഉപകാരപ്രദവും ശ്ലാഘനീയവുമാണ്. റോഡുകൾ കുഴിക്കുന്നതിനുമുമ്പ് ജലവിഭവ വകുപ്പും പി.പി.ഡബ്ളിയു.ഡി.-യും ഏകോപിച്ചുകൊണ്ട് ഇടപെടൽ നടത്തണം. ശുദ്ധ ജലവിതരണ പദ്ധതികളിലെ വെള്ളത്തിൽ മാലിന്യങ്ങൾ കലർന്നിട്ടുണ്ടെന്ന്

ഉറപ്പുവരുത്തണം. പൈപ്പ് വെള്ളത്തിൽ ക്ലോറൈഡിന്റെ അംശം കൂടുതലാകുകയാണെങ്കിൽ പലതരം രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഇക്കാര്യം വളരെ ഗൗരവത്തോടെ കാണണം. എല്ലാ വിദ്യാലയങ്ങളിലും പൈപ്പ് വെള്ളം ശുദ്ധീകരിക്കാനുള്ള ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കണം. പൗരാവകാശ രേഖയിൽ പറയുന്ന കാര്യങ്ങൾ യഥാവിധി നടപ്പാക്കാൻ സാധിക്കണം. പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട് ത്രിതല പഞ്ചായത്തുകൾ നടപ്പാക്കുന്ന പദ്ധതികളിൽ പലതും നീർതീർത്തടാധിഷ്ഠിത പദ്ധതികളായി നടപ്പിലാക്കാൻ സാധിക്കണം. പൊതു ടാപ്പിൽനിന്ന് കോളനികളിലേയ്ക്ക് വെള്ളം നൽകുന്ന കണക്ഷൻ വിച്ഛേദിക്കുന്നത് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കണം. പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പു വരുത്താനുള്ള നടപടി സ്വീകരിക്കണം. ഈ ബില്ലിലെ ഭേദഗതിയിലൂടെ വെള്ളത്തിന്റെ ദുർവിനിയോഗം തടയുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ ഉണ്ടാകണം.

<u>ശ്രീ. സാജുപോൾ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജലലഭ്യതയുടെ കാര്യത്തിൽ ജലവിഭവ വകുപ്പുമന്ത്രിയും ബന്ധപ്പെട്ടവരും കാണിക്കുന്ന ശുഷ്കാന്തി സ്വാഗതാർഹമാണ്. ഇപ്പോൾ ഖരമാലിന്യവും സോളിഡ് വേസ്റ്റും വർദ്ധിച്ചുക്കൊണ്ടിരിക്കുകയാണ്. ആലുവയിലെ വ്യവസായ സ്ഥാപനങ്ങളിൽനിന്നുള്ള മാലിന്യങ്ങൾ പെരിയാറിലേക്ക് ഒഴുക്കിവിടുന്നതുമൂലം പെരിയാർ മലീമസമായിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ആധികാരികമായ പല ചർച്ചകൾ നടന്നിട്ടും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല.

ഇത് പരിഹരിക്കുന്നതിന് ആസൂത്രിതവും ദീർഘവീക്ഷണവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നദിയെ അടിസ്ഥാനപ്പെടുത്തി ജലജില്ലകൾ രൂപീകരിക്കണം. മഴവെള്ള സംഭരണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇന്ന് പല കാര്യങ്ങൾക്കും ശുദ്ധീകരിച്ച കുടിവെള്ളമാണ് ഉപയോഗിക്കുന്നത്. ശുദ്ധീകരിച്ച വെള്ളം കുടിവെള്ള ആവശ്യത്തിനുമാത്രമായി പരിമിതപ്പെടുത്താനും പൊതു ആവശ്യങ്ങൾക്ക് അല്ലാതുള്ള വെള്ളം വിതരണം ചെയ്യാനുമുള്ള സംവിധാനം ഏർപ്പെടുത്തണം. പൊതു ടാപ്പുകൾ പൊട്ടി വെള്ളം പാഴാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. അറ്റകുറ്റപ്പണികളുൾപ്പെടെയുള്ള ജലവിതരണ പദ്ധതികളിലെ അഴിമതി കർശനമായി തടയണം. ജനങ്ങൾക്കിടയിൽ നിയമ സാക്ഷരതയും ജല സാക്ഷരതയും പരിസ്ഥിതി സാക്ഷരതയും വളർത്താൻ കഴിയണം. വാട്ടർ അതോറിറ്റിയുടേയും ജലവിഭവ വകുപ്പിന്റേയും ആസ്തികൾ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം. വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധത്തിൽ മിനറൽ വാട്ടറിന്റെ വിലയും ഗുണനിലവാരവും സംബന്ധിച്ച് പരിശോധന നടത്താൻ കഴിയണം. പരിസ്ഥിതിയും ജലവും മണ്ണും സംരക്ഷിക്കുന്നതിന് സഹായകരമായ വിധത്തിലുള്ള നിയമനിർമ്മാണം കൊണ്ടുവരണം. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ നിരവധി കേസുകൾ എടുക്കുന്നതിനും കുറ്റക്കാർക്ക് ശിക്ഷ നൽകുന്നതിനും ഏതാണ്ട് 40 ലക്ഷത്തോളം രൂപ ഫൈൻ ഈടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അദാലത്തുകൾ വഴി വാട്ടർ അതോറിറ്റി വളരെയേറെ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. വാട്ടർ കണക്ഷൻ കൊടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും പൗരാവകാശ രേഖയടക്കം പ്രസിദ്ധീകരിച്ചുകൊണ്ട് ജനോപകാരപ്രദമായ കാര്യങ്ങൾ

ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും വകുപ്പിനും വാട്ടർ അതോറിറ്റിക്കും സാധിച്ചിട്ടുണ്ട്. അതിനൊക്കെ നേതൃത്വം നൽകിയ മന്ത്രിയെ അഭിനന്ദിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി:(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ബില്ലിന്റെ അവതരണ ചർച്ചാ വേളയിൽ വളരെ വിശദമായി ഉദ്ദേശ ലക്ഷ്യങ്ങളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാ വേളയിൽ വിവിധ വകുപ്പുകളിൽ കാതലായ ഭേദഗതികൾ വരുത്തികൊണ്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ജലത്തിന്റെ ദുരുപയോഗവും മോഷണവും തടയുന്നതിനും അനധികൃത കണക്ഷൻ നൽകുന്നത് നിരോധിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ സ്വത്ത് സംരക്ഷിക്കുന്നതിനും കർശനമായ ശിക്ഷാ വ്യവസ്ഥകളും നടപടികളും സ്വീകരിക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്വവും ചുമതലും നിർവഹിച്ചുകൊണ്ടുമാത്രമേ ഇത്തരത്തിലുള്ള ശിക്ഷാ നടപടികളും നിയമനടപടികളുമായി മുന്നോട്ടു പോകാൻ കഴിയൂകയുള്ളൂ. .പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതിനുശേഷം ഈ ബിൽ പാസ്സാക്കുന്നു എന്നുള്ളത് തികച്ചും യുക്തിസഹമായിട്ടുള്ള സംഗതിയാണ്. സാങ്കേതിമായിട്ടുള്ള തടസ്സങ്ങളൊന്നുമില്ലെങ്കിൽ 15 ദിവസത്തിനകം വാട്ടർ കണക്ഷൻ കൊടുക്കണമെന്നുള്ള വ്യവസ്ഥ ഇമ്പോസ് ചെയ്യുമ്പോൾ ആ സമയ പരിധിക്കുള്ളിൽ കണക്ഷൻ കൊടുക്കാൻ ബാദ്ധ്യതപ്പെട്ടവരാണ് കേരളാ വാട്ടർ അതോറിറ്റിയെന്ന ചുമതലാബോധവും ഉത്തരവാദിത്വബോധവും ഉണ്ടാകുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനം. വാട്ടർ ലീക്കേജ് അടക്കമുള്ള കാര്യങ്ങൾ രണ്ടു ദിവസത്തിനകം പരിഹരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൺസ്യൂമേഴ്സ് നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും അതിൽ ലംഘനം വരുത്തിയാൽ ഉണ്ടാകുന്ന നടപടികളെ

സംബന്ധിച്ചും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 25 ശതമാനം മീറ്ററുകളും ഡിഫക്ടീവാണ്. വാട്ടർ അതോറിറ്റിക്ക് ലഭ്യമാകുന്ന പരാതികൾ പ്രത്യേകം പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വർക്ക് അധികാരം നൽകിയിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയും വെള്ളാ യണിക്കായൽ ജലസ്രോതസായി കണ്ടുകൊണ്ട് ആവിഷ്ക്കരിക്കാൻ ഉദ്ദേശി ച്ചിട്ടുള്ള പദ്ധതികളും നടപ്പിലായാൽ തിരുവല്ലം കോവളം തുടങ്ങിയ പ്രദേശ ങ്ങളിലെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. മെഡിക്കൽ കോളേജുപോലുള്ള സ്ഥാപനങ്ങളിൽ വാട്ടർ അതോറി റ്റി സ്ഥാപിക്കുന്ന മീറ്ററുകൾക്ക് റെന്റ് ഈടാക്കുന്നതിൽ യാതൊരു അപാകത യുമില്ല. മുടങ്ങിക്കിടന്ന 56 പദ്ധതികളിൽ ഫീസിബിളായിട്ടുള്ള 41 പദ്ധതികൾ വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നബാർഡിന് സമർപ്പിച്ചതിൽ 36 പദ്ധതികൾ നബാർഡ് അംഗീകരിക്കുകയും 610 കോടി രൂപയുടെ ഭരണാനുമതി നൽകു കയും ചെയ്തിട്ടുണ്ട്. . യുദ്ധകാലാടിസ്ഥാനത്തിലാണ് അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. ഒന്നരക്കോടി രൂപയക്ക് മുകളിലുള്ള പദ്ധതി കൾക്ക് ഇ-ടെണ്ടറിംഗ് നടപ്പിലാക്കാൻ സാധിച്ചു. രണ്ട് വർ**ഷംകൊ**ണ്ട് പദ്ധതികൾ പൂർത്തീകരിക്കാമെന്നുള്ള നിലയിലാണ് എഗ്രിമെന്റ്. വച്ചിട്ടുള്ളത്. ഗൗരവമായ പരിശോധനകൾക്കുശേഷമാണ് ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ശബരിമല സീസണു മായി ബന്ധപ്പെട്ട് നടത്തിയ ഒരു പ്രത്യേക പദ്ധതിയുടെ ഭാഗമായിട്ടാണ് ശബരിതീർത്ഥം പദ്ധതി വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. ബോട്ടിലിൽ വെള്ളം നിറയ്ക്കുന്നതിന് അരുവിക്കരയിൽ എല്ലാ സംവിധാനങ്ങളുമുണ്ട്; വെള്ളം ബോട്ടിലിലാക്കി സപ്ളൈ ചെയ്താൽ മാത്രം മതി. വാട്ടർ അതോറിറ്റിക്ക് അതിന് വലിയ ഇൻവെസ്റ്റുമെന്റിന്റെയോ മാനേജുമെന്റി

ന്റെയോ ആവശ്യമില്ല. മാർക്കറ്റിംഗ് നടത്താൻ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാനാണ് ആലോചിക്കുന്നത്. വാട്ടർ അതോറിറ്റിയെ ശാക്തീകരിക്കാനുള്ള വിവിധ പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. 2009-ൽ തന്നെ പുനഃസംഘടന നടപ്പാക്കി പ്രൊഫഷണൽ കോമ്പീറ്റൻസുള്ള ഒരു ഓർഗനൈസേഷനായി വാട്ടർ അതോറിറ്റിയെ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫ്ളാറ്റിന്റെ നിർവ്വചനത്തിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അത് പുനഃപരിശോധിക്കുന്നതാണ്. ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ട്. വൻകിട ശുദ്ധജല വിതരണ പദ്ധതികൾ കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല. JBIC പദ്ധതി വൈകുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് റോഡ് പൊളിക്കുന്നതിന് പെർമിഷൻ കിട്ടുന്നതിനും സമയോചിതമായി റെസ്റ്റോർ ചെയ്യുന്നതിനും വേണ്ടിവരുന്ന കാലതാമസവും ചെലവുമാണ്. ജനസാന്ദ്രത കൂടിയ താരതമ്യേന വീതികുറഞ്ഞ റോഡുകളിൽ വലിയ വ്യാസമുള്ള പൈപ്പ് കുഴലുകൾ ഇടുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും സ്രോതസ്സിൽ നിന്ന് വെള്ളം പോകുന്ന പ്രദേശത്ത് ജലവിതരണം തടസ്സപ്പെടുന്നതും ഏകോപിത പ്രവർത്തനങ്ങളിൽക്കൂടി മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി ആരംഭിക്കുന്നതാണ്. ഇൻഡസ്ട്രിയൽ വാട്ടർ സപ്ളൈ സ്കീമിനെക്കുറിച്ച് വ്യവസായ വകുപ്പും ജലവിഭവ വകുപ്പും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി

പൊതുമേഖലയിൽ വ്യാവസായികാവശ്യത്തിനുള്ള ജലവിതരണ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഇരിക്കൂർ വാട്ടർ സപ്ളൈ സ്കീം പൂർത്തിയാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. അഴീക്കോട് വാട്ടർ സപ്ളൈ സ്കീമിൽ ക്രമക്കേടുണ്ടെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കും. 100 ശതമാനത്തിനു മുകളിൽ ടെണ്ടർ എക്സസ്സുള്ള ചീക്കോട് പദ്ധതിയെക്കുറിച്ച് ചീഫ് സെക്രട്ടറി കൺവീനറായിട്ടുള്ള കമ്മിറ്റി അന്വേഷിക്കുന്നതാണ്. കാര്യമായ ടെണ്ടർ എക്സസ്സില്ലാത്ത പദ്ധതികളൊക്കെ തന്നെ തുടങ്ങുന്നതാണ്. CWRDM-ലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി 2009-ൽ രൂപീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാദേശിക ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ഏഴായിരത്തോളം പൊതു ടാപ്പുകളും ഒന്നേകാൽ ലക്ഷം ഹൗസ് കണക്ഷനുകളും അനുവദിച്ചിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് ആഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 109, 115, 117, 123, 126, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : 111, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് : 113-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 118-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 121, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In clause 2 of the Bill which propose to amend section 2 of the principal Act,-

(i) In clause (xa) proposed to be inserted, for the figures and letter "1000$m^2$" the words "one thousand square metres" shall be substituted.

(ii) In clause (XV a) proposed to be inserted, for the figures and letter "500$m^2$" the words "five hundred square metres" shall be substituted. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: 138 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 141-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

5-ാം വകുപ്പ്

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ്: 147-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

7-ാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ് : 154-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ് : 155-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ : 156-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

8-ാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 157-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 161-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: 162-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : 168-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

10-ാം വകുപ്പ്

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

11-ാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ് : 174-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ : 175 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ് : 178-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 181-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In section 42 of the principal Act proposed to be substituted by clause 12 of the Bill, in sub-section (4) for the words "the rent" the words "the rents" shall be substituted.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 185-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: 186-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 191-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

In Section 43 of the principal Act proposed to be substituted by clause 13 of the Bill, In sub-section (9) for the figures and word "30 days" the words "thirty days" shall be substituted.

ശ്രീ. എം. മുരളിയുടെ In sub-section (9) of section 43 of the principal Act, proposed to be inserted by clause 13, after the words "The Executive Engineer", the following words shall be added:-

"after making such enquiry as he deems fit and giving the parties concerned a reasonable opportunity of being heard" എന്ന 209-ാം നമ്പർ ഭേദഗതിയും ശ്രീ. എ.പി. അനിൽകുമാറിന്റെ 'After sub-section (9) of section 43 of the principal Act, proposed to be substituted by clause 13, add the following as sub-section (9A) namely:-

"(9A) Any person aggrieved by the orders of the Executive Engineer, under the foregoing sub-section may appeal to the Superintending Engineer, having jurisdiction over the area and he shall dispose of the appeal after affording a reasonable opportunity of being heard to the persons concerned. His decision thereon shall be final." എന്ന 210-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 198-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 199-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 204-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ് : 205-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 208-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. ജോർജ് മേഴ്സിയർ : 211-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ശ്രീ. എ. എ. അസീസ് : 218-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : 222-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

17-ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(223) In sub-section (2) of section 46E of the principal Act proposed to be inserted by clause 17 of the Bill, the words "against an order of assessment passed" shall be omitted.

ശ്രീ. ആര്യാടൻ മുഹമ്മദ് : 223 A, 239 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ് : 225-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 226-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: 231-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 235, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 238-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഔദ്യോഗിക ഭേഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 241-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: 243-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : 248 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച In section 47 B (1) proposed to be inserted in the principal Act by clause 19, for the words "a plumber licenced by the authority" the words "licenced plumber" shall be substituted എന്ന 241-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20 മുതൽ 22 വരെയുള്ള വകുപ്പുകൾ

20 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി..

## 23-ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

**(249)** For clause 23 of the Bill which proposes to amend section 60 of the principal Act, the following clause shall be substituted, namely:-

"23. Amendment of section 60:- In section 60 of the principal Act,-

(i) the existing section 60 shall be re-numbered as sub-section (i) of section 60 and in sub-section (1) as so re-numbered, for the words, "one thousand rupees" and "twenty five rupees" the words "three thousand rupees" and "one hundred rupees" shall respectively be substituted;

(ii) after sub-section (1) so re-numbered, the following sub-section shall be inserted, namely:-

"(2) All fines imposed under this Act or any rule or regulation made thereunder shall on realization be credited to the fund of the Authority".

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>24-ാം വകുപ്പ്</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ</u>): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(250) For Section 61A of the principal Act proposed to be substituted by clause 24 of the Bill, the following section shall be substituted, namely:-

"61A. Cognizance of offences:- No court shall take cognizance of an offence punishable under this Act except upon a complaint in writing made by the Authority or an officer not below the rank of an Assistant Executive Engineer authorized by the Authority".

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: 251-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: 254-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

25 മുതൽ 27 വരെയുള്ള വകുപ്പുകൾ

25 മുതൽ 27 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25 മുതൽ 27 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ നിയമത്തെ എതിർക്കുന്നില്ല. പൗരാവകാശരേഖ അംഗീകരിച്ച സാഹചര്യത്തിൽ മനുഷ്യാവകാശത്തിന്റെ ഭാഗമായി വെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തിലെത്തുന്നതിനുവേണ്ടി നിയമ നിർമ്മാണം ഉൾപ്പെടെയുള്ള സമഗ്രമായ ഒരു മാർഗ്ഗത്തെക്കുറിച്ചാണ് ഗവൺമെന്റ് ചിന്തിക്കേണ്ടത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): വളരെ വിലപ്പെട്ട നിർദ്ദേശമാണ്. ആ ലക്ഷ്യത്തിലെത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനശൈലിയിലും മറ്റും മാറ്റം വരേണ്ടതുണ്ട്.. അതിന് ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. കേരള വാട്ടർ അതോറിറ്റിയെ കാര്യക്ഷമമാക്കി മാറ്റുന്നതിന് പ്രേരകമാകാൻ ഈ നിയമനിർമ്മാണത്തിന് സാദ്ധ്യമാകട്ടെ. ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സഹകരിച്ച എല്ലാവരോടും ഗവൺമെന്റിന്റെ നന്ദി അറിയിക്കുന്നു.

2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.02 -ന് പിരിഞ്ഞു.

--------------

.